മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അനുസ്മരണം


മൗനമുദ്രിതനായ ആചാര്യൻ

ഫാ. ഡോ. കെ. എം. ജോർജ്

എനിക്ക് ഇളയ സഹോദരനായ ഫിലിപ്പച്ചൻ ഇത്ര പെട്ടെന്ന് കടന്നുപോകുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചില്ല. കുറെ വർഷങ്ങളായി കൂടെക്കൂടെ ഞാലിയാകുഴി ദയറായിൽ വരുന്നതിന് എനിക്ക് അവസരം ഉണ്ടായി. അത് കടന്നുപോയ അഭിവന്ദ്യനായ ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥന കൊണ്ടാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. അദ്ദേഹം കടന്നുപോയതിനു ശേഷം ഇവിടെ വരുമ്പോൾ ഈ ക്യാമ്പസിലെങ്ങും ജോർജ് ഫിലിപ്പച്ചനെ കാണുകയില്ല. അദ്ദേഹത്തെ കാണണമെങ്കിൽ എവിടെയാണ് പോകേണ്ടതെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ ചെറിയ മുറിയിലേക്ക്, പഴയ മൊണാസ്റ്റിക് സെൽ എന്നു പറയുന്ന രീതിയിലുള്ള മുറിയിലേക്ക് ചെല്ലുമ്പോൾ അദ്ദേഹം ഒരുപക്ഷേ കസേരയിൽ ഇരിക്കുകയോ അല്ലെങ്കിൽ തടിക്കട്ടിലിൽ നിവർന്നു കിടക്കുകയോ ആയിരിക്കും. എന്നെ കാണുമ്പോൾ എഴുന്നേറ്റ് മുറിയുടെ വാതിൽക്കൽ വരും. ഒരിക്കലും അകത്തേക്ക് ക്ഷണിക്കുകയില്ല എന്ന് എനിക്കറിയാം. അവിടെ നിന്നുകൊണ്ട് കുറെ സംസാരിക്കും. പിന്നെ ഇറങ്ങിവന്ന് മരത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ടും അദ്ദേഹം ഞാൻ പറയുന്നതൊക്കെ കേൾക്കും. അധികം മറുപടിയൊന്നും പറയുകയില്ല. കണക്കും ഭൗതികശാസ്ത്രവും പഠിക്കുന്നവർക്കൊക്കെ അറിയാം, Constant Value വും ഉണ്ട് variables ഉം ഉണ്ട്. അതുകൊണ്ട് ദയറായിൽ വരുമ്പോൾ ഞാൻ അന്വേഷിക്കുന്നത് Constant Value ആണ്; നമ്മിൽനിന്ന് ഇപ്പോൾ ശാരീരികമായി വേർപെട്ടിരിക്കുന്ന ഈ പ്രിയ സഹോദരനെയാണ്. അതിന് ഒരു മാറ്റവുമില്ല. അതിന്റെ വേരുകൾ വളരെ ആഴത്തിലാണ്. അതുകൊണ്ട് അതിന് ചാഞ്ചല്യമുണ്ടാവുകയില്ല. അതുകൊണ്ടാണ് Constant Value എന്നു പറഞ്ഞത്. ഈ ലോകത്തിന്റെ ഒരു ഇളക്കങ്ങളും അവിടെ സ്പർശിക്കുകയില്ല എന്ന് കൂടെ പഠിച്ചവർക്കറിയാം, ഇവിടെ പ്രവർത്തിച്ചവർക്ക് അറിയാം, സഹസന്യാസിമാർക്കും അക്കാര്യം അറിയാം.

ഞാൻ ശെമ്മാശനായി കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ പഠിപ്പിക്കുന്ന കാലത്ത് പ്രിയപ്പെട്ട ജോർജ് ഫിലിപ്പച്ചനെ മൂന്നു വർഷം പഠിപ്പിച്ചു. ക്ലാസ്സിൽ ചെല്ലുമ്പോളൊക്കെ എനിക്ക് ഉള്ളിൽ ഒരു ഭയമാണ്. കാരണം, ഒരു വിദ്യാർത്ഥി അവിടെ ഇരിപ്പുണ്ട്. ഒന്നും മിണ്ടുകയില്ല. ആരെയും ഉപദ്രവിക്കുകയില്ല. ഒരു വിമർശനവും പറയാത്ത ആളാണെന്ന് എനിക്കറിയാം. പക്ഷേ എന്റെ ഉള്ളിൽ നേരിയ ഭയമാണ്. ഞാൻ അവിടെ പറയുന്ന അപക്വമായ കാര്യങ്ങൾ, അല്പം അറിവിൽ നിന്നു പറയുന്ന കാര്യങ്ങളൊക്കെ അദ്ദേഹം തിളങ്ങുന്ന കണ്ണുകളോടെ കേട്ടിരിക്കും. കണ്ണ് തിളങ്ങുന്ന വിദ്യാർത്ഥികളോട് എല്ലാ അധ്യാപകർക്കും പ്രത്യേകമായ താൽപര്യമുണ്ടെന്ന് നിങ്ങൾക്കറിയാം. അവർക്ക് എന്തോ മനസ്സിലാകുന്നുണ്ട് എന്നാണ് അതിന്റെ അർത്ഥം. ചിലപ്പോൾ മൂന്നു വർഷം കഴിയുമ്പോളായിരിക്കും ജോർജ് ഫിലിപ്പ് പറയുന്നത്, “അച്ചാ, അച്ചനന്നു പറഞ്ഞ കാര്യം അത്ര ശരിയല്ല” എന്ന്. അത് ആരും കേൾക്കാതെ രഹസ്യമായിട്ട് വന്നു പറയും. അതുകൊണ്ടാണ് ഈ ഭയം. നമ്മൾ പറയുന്നതിന് ഉടനെ തിരിച്ചടിക്കുന്ന ആളുകളുണ്ട്. അത് പ്രയാസമില്ല നമുക്ക്. പക്ഷേ ഇവിടെ അങ്ങനെയല്ല. സമയമെടുക്കും. എത്ര നാളാണ് എടുക്കുക എന്നു നമുക്കറിഞ്ഞു കൂടാ. അധികാരസ്ഥാനത്തൊക്കെ ഇരിക്കുന്നവർക്ക് എല്ലാവർക്കുമറിയാം, കുറെ ആളുകൾ നമ്മെ എപ്പോഴും പുകഴ്ത്തുവാൻ കാണും. വാനോളം പുകഴ്ത്തിയെന്നിരിക്കും. വേറെ ചില ആളുകൾ യാതൊരു അടിസ്ഥാനവുമില്ലെങ്കിലും, ഒരു കാരണവുമില്ലെങ്കിലും വിമർശനങ്ങൾ പരസ്യമായി പറഞ്ഞെന്നുമിരിക്കാം. ഇതിനെ രണ്ടിനെയും നമുക്ക് ഭയപ്പെടേണ്ട ആവശ്യമില്ല. പക്ഷേ മൗനം അവലംബിക്കുന്നവരെ നാം തീർച്ചയായും ഭയപ്പെടണം. കാരണം, അവിടെ നിന്നുമെപ്പോളാണ് ചില വലിയ രഹസ്യങ്ങൾ വെളിപ്പെടുന്നതെന്ന് നമുക്ക് അറിഞ്ഞുകൂടാ.

ഈ ദയറായുടെ ചുറ്റളവിൽ അച്ചനെ കാണുമ്പോഴൊക്കെ ഞാൻ ഓർക്കും, അച്ചൻ അധികം സംസാരിക്കുന്നില്ല. ഞങ്ങൾ ചാരിനിൽക്കുന്ന മരവും, ഞങ്ങൾ കാണുന്ന ചെടികളും പൂക്കളും അവയ്ക്കു ചുറ്റും പറക്കുന്ന പൂമ്പാറ്റകളു



തനിക്ക് ഏറ്റവും പ്രിയപ്പെട്ട പശുവിനെയുംകൊണ്ട് കമ്മീശും ഇട്ട് തൊപ്പിയും വച്ചുകൊണ്ട് നമ്മുടെ തെരുവുകളിലൂടെ അതിനെ കയറിൽ പിടിച്ചുകൊണ്ടു ജോർജ് ഫിലിപ്പച്ചൻ നടന്നു എന്ന് ഞാൻ അടുത്ത കാലത്ത് കേട്ടു. ... ഇത് റഷ്യൻ പാരമ്പര്യത്തിലുള്ള വിശുദ്ധ വിഡ്ഢിയുടെ ചിത്രമാണ് ഓർമ്മിപ്പിക്കുന്നത്.

മൊന്നും സംസാരിക്കുന്നില്ല. പക്ഷേ അവയുടെ ഉള്ളിൽ സംസാരമുണ്ട്, വചനമുണ്ട്. അതുകൊണ്ടാണ് കർത്താവ് ‘കല്ലുകൾ ആർത്തുവിളിക്കുമെന്ന്’ പറഞ്ഞത് (ലൂക്കോസ് 19:40). നമ്മുടെ ചുറ്റുപാടും ജഡവസ്തുക്കളെന്ന്, അചേതനമെന്ന് നാം കരുതുന്ന എല്ലാറ്റിലും ഈ വചനം നിഗൂഢമാണ്. ഒരുപക്ഷേ, കർത്താവിന്റെ ന്യായവിധി ദിവസത്തിൽ ഈ കല്ലുകളെല്ലാം ഈ മരങ്ങളും ചെടികളുമെല്ലാം നമ്മെക്കുറിച്ച് അവിടെ സംസാരിക്കും. ആ കൂടെയായിരിക്കും ഒരുപക്ഷേ നമ്മുടെ ജോർജ് ഫിലിപ്പച്ചനും സംസാരിക്കുവാൻ പോകുന്നത്. അതുകൊണ്ട് മൗനത്തെയും മൗനികളെയും നാം ഭയപ്പെടണം. എന്നു പറഞ്ഞാൽ ബഹുമാനപൂർവ്വം, ആദരപൂർവ്വം അവരുടെ മുമ്പിൽ നമ്മൾ വിനയാന്വിതരായി മൗനം പാലിക്കുകയും ചെയ്യണമെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

അച്ചൻ ഒരു കർഷകൻ ആയിരുന്നു എന്ന് എല്ലാവർക്കും അറിയാം. കർഷകൻ ഭൂമിയോടു ചേർന്നുനിൽക്കുന്ന ആളാണ്. ഒരു നല്ല കർഷകന് ശരീരം

കുനിയാതെ, മണ്ണുതൊടാതെ കൃഷി സാധ്യമല്ല. കസേരയിൽ ഇരുന്നുകൊണ്ടോ, മുകളിൽ കൂടി പറന്നുകൊണ്ടോ ഒരിക്കലും കൃഷി സാധ്യമല്ല. ശരീരം കുനിയണം. കുറച്ചൊക്കെ വിയർക്കണം. ഈ കർഷകന്റെ ജീവിതം നമുക്ക് എല്ലാവർക്കും അറിയാം. എപ്പോഴും കുനിയാൻ തയ്യാറെടുത്തു നിൽക്കുന്ന ശരീരമായിരുന്നു അച്ചന്. ഞാൻ ഒരു പ്രകൃതി ജീവനക്കാരൻ ഒന്നുമല്ല. എന്നാലും വല്ലപ്പോഴുമൊക്കെ അദ്ദേഹം ഇവിടെ അഖിലേന്ത്യാതലത്തിലുള്ള പ്രകൃതിജീവന കോൺഫറൻസുകളൊക്കെ നടത്താറുണ്ട്. പുറത്താരും അറിയുകയില്ല. ഇവിടെ വരുമ്പോൾ ഞാനും ആദരപൂർവ്വം അതിൽ സംബന്ധിക്കുകയും അദ്ദേഹത്തിൽ നിന്നു പഠിക്കാനായി ശ്രമിക്കുകയും ചെയ്തിരുന്നു. എന്റെ പാചകത്തിലും ഭക്ഷണക്രമത്തിലും അതെന്നെ സ്വാധീനിച്ചിട്ടുണ്ട്. ഇങ്ങനെ ഒരാളിനെ നമുക്ക് അധികം കിട്ടാനില്ലല്ലോ എന്ന ദുഃഖമുണ്ട്.

മൗനം അവലംബിക്കുകയും കാലം തികയുംവരെ നമ്മെക്കുറിച്ചുള്ള വിമർശനം മിണ്ടാതിരിക്കുകയും ചെയ്യുന്ന ഒരു ഉപദേശകനാണ് അച്ചൻ. ഇങ്ങിനെ ഒരാളിനെയാണ് നമുക്കൊക്കെ വേണ്ടത്. പക്ഷേ അത് കിട്ടാൻ പ്രയാസമാണ്. പെട്ടെന്നു പുകഴ്ത്തുകയും പെട്ടെന്ന് ആക്രമിക്കുകയും ചെയ്യുന്നവരെ മാത്രമാണ് നാം കാണുന്നത്. നാമും അതുപോലെ പലപ്പോഴും പ്രതികരിക്കുകയും ചെയ്യും. ഈ മൗനമുദ്രിതനായ ഗുരുവിനെ, ആചാര്യനെ എനിക്കും ഇവിടെ ഇരിക്കുന്ന അനേകർക്കും ലഭിച്ചു എന്നുള്ളതിൽ ഞാൻ അങ്ങേയറ്റം ദൈവത്തോട് നന്ദി പറയുകയാണ്.

ജോർജ് ഫിലിപ്പച്ചനെ കാണുമ്പോഴൊക്കെ എനിക്ക് ഒരു ചോദ്യം ചോദിക്കണമെന്നു തോന്നാറുണ്ട്. “അച്ചാ, അച്ചനെത്ര കിലോ തൂക്കം ഉണ്ട്?” ഞാൻ ഒരിക്കലും ചോദിച്ചിട്ടില്ല. എന്റെ മനസ്സിൽ തോന്നുന്ന ചോദ്യമാണ്. ഞാൻ ഓരോ പ്രാവശ്യവും ഇവിടെ വരുമ്പോൾ അദ്ദേഹത്തിന്റെ തൂക്കം കുറഞ്ഞു കുറഞ്ഞു വരികയാണ് എന്നാണ് എന്റെ ഒരു ചിന്ത. വടക്കേ ഇന്ത്യയിൽ ആണെന്നു തോന്നുന്നു, ഒരു ബുദ്ധക്ഷേത്രത്തിൽ കുറെ ബുദ്ധപ്രതിമകൾ കണ്ടു. ഒരു വലിയ ബുദ്ധപ്രതിമ, അതിനടുത്ത് അതിനേക്കാൾ ചെറുത്, വീണ്ടും ചെറുത്, അങ്ങനെയൊരു പരമ്പരയാണ്. ഏറ്റവും അവസാനം ചെല്ലുമ്പോൾ പ്രതിമയെന്നു പറയാൻപോലും നമുക്ക് സാധിക്കാത്തവിധമുള്ള ഒരു ചെറിയ കഷണമാണ് ഇരിക്കുന്നത്. അവിടുത്തെ ഒരു സന്യാസി വന്നു വിശദീകരിച്ചു. ബുദ്ധന്റെ ഫിലോസഫി ഞങ്ങൾ ഇവിടെ ഈ കല്ലിൽ കാണിക്കാൻ ശ്രമിക്കുകയാണ്. അതായത്, നിർവാണമെന്നു പറയുന്നത് ഒരു തരത്തിലുള്ള സ്വയം ഇല്ലാതാകലാണ്. ഗൗതമനെ, സിദ്ധാർത്ഥനെ എല്ലാവർക്കുമറിയാമായിരുന്നു. ബുദ്ധൻ ആയപ്പോഴും അറിയാമായിരുന്നു. പക്ഷേ ആ ബുദ്ധൻ കുറേശ്ശെ കുറേശ്ശെ ചുരുങ്ങിചുരുങ്ങി അവസാനം ഇല്ലാതാവുകയാണ്. ഇത് ഇവിടെ പ്രസക്തമാണോ എന്നെനിക്കറിഞ്ഞു കൂടാ. പക്ഷേ ജോർജ് ഫിലിപ്പച്ചന്റെ തൂക്കത്തെക്കുറിച്ച് പറയുമ്പോൾ പെട്ടെന്ന് എന്റെ മനസ്സിൽ വരുന്നത് അതാണ്. കാരണം, ഈ ലോകത്തിൽ നമ്മുടെ ഭക്ഷണം ക്രമീകരിക്കുന്നവരും, നമ്മെ ചികിത്സിക്കുന്നവരും, നമ്മെ ഉപദേശിക്കുന്നവരുമൊക്കെ പറയുന്നത് നമ്മുടെ ശരീരത്തെ പുഷ്ടിപ്പെടുത്തണമെന്നാണ്. അതിനു വേണ്ടതായ സംഗതികളൊക്കെ അവർ പറഞ്ഞുതന്നുകൊണ്ടിരിക്കും. ശരീരത്തെ മാത്രമല്ല പുഷ്ടിപ്പെടുത്തേണ്ടത്; ശരീരത്തിന്റെ extension ആയ നമ്മുടെ ഭവനത്തെ പുഷ്ടിപ്പെടുത്തണം. എത്രയും കൊട്ടാരസദൃശ്യമായ വീടു പണിതാൽ അത് നല്ലതാണ്. നമ്മുടെ വാഹനം പുഷ്ടിപ്പെടുത്തണം. എത്രയും വിലയേറിയ വാഹനം നമുക്ക് നല്ലതാണ്. പ്രൗഢിയുള്ള വസ്ത്രം നല്ലതാണ്. പക്ഷേ അതിന്റെയുള്ളിലുള്ള ഈഗോയുടെ പ്രശ്നം നോക്കണം. അങ്ങനെയുള്ള ഒരു വീട് നമുക്ക് സ്വന്തമാവുമ്പോൾ, അങ്ങനെയൊരു വാഹനം സ്വന്തമാവുമ്പോൾ, അല്ലെങ്കിൽ വസ്ത്രം സ്വന്തമാവുമ്പോൾ അവയുടെ വലിപ്പവും വിലയുമനുസരിച്ച് നമ്മുടെ ഉള്ളിൽ നിന്നു ബലൂൺപോലെ വീർക്കുന്ന ഒരു സാധനമുണ്ട് – അതാണ് ഈഗോ, അഹം എന്നു പറയുന്നത്. പലരും അങ്ങനെ ചീർത്തു വരുമ്പോൾ ഈഗോകൾ കൂട്ടിയിടിക്കും. പിന്നെ സർവ്വത്ര കുഴപ്പമാകും.

ജോർജ് ഫിലിപ്പച്ചൻ റഷ്യാക്കാരുടെ ഭാഷയിൽ പറഞ്ഞാൽ ഒരു Yurodivy - Holy fool ആയിരുന്നു. “വിശുദ്ധ വിഡ്ഢി” എന്നൊരു പാരമ്പര്യം റഷ്യാക്കാർക്കുണ്ട്. അവരിൽ ചിലർ സന്യാസിമാരാണ്, ചിലർ അല്ല. പക്ഷേ ആന്തരീകമായ വിശുദ്ധിയുള്ളവരാണ്. ദൈവദർശനം ഒരുതരത്തിൽ ലഭിച്ചിട്ടുള്ളവരാണ്. ബാഹ്യമായ യാതൊരു വേഷമോ ആഢംബരമോ പ്രൗഢിയോ ഒന്നും അവരെ ആകർഷിക്കുകയില്ല. സാർ ചക്രവർത്തിയാണെങ്കിലും, റഷ്യയിലെ പാത്രിയർക്കീസ് ആണെങ്കിലും, അനീതിയും അന്യായവും കാണിച്ചാൽ അവർക്ക് പറയാനുള്ള കാര്യങ്ങൾ ധൈര്യമായിട്ടു അവർ പറയുകയും ഒരിക്കലും



ലംഘിക്കാൻ പാടില്ല എന്നു വിചാരിക്കുന്ന സഭയുടെ ആചാരങ്ങളെ പരസ്യമായിട്ടു ലംഘിക്കുകയും ചെയ്യും. യുദ്ധത്തിൽ നിഷ്കളങ്കരുടെ രക്തം ചിന്തിയിട്ടു വന്ന ചക്രവർത്തിയെ സ്വീകരിക്കാൻ വലിയ നോമ്പിൽ രക്തം ചിന്തുന്ന ഇറച്ചി കഷണം തിന്നുകൊണ്ട് മോസ്ക്കോയിലെ തെരുവിൽ പ്രത്യക്ഷപ്പെട്ട വിശുദ്ധ വിഡ്ഢിയെക്കുറിച്ച് വായിച്ചിട്ടുണ്ട്. ക്രിസ്തുവിനുവേണ്ടി സ്വയം വിഡ്ഢികളാകുന്നവരെക്കുറിച്ച് പൗലോസ് ശ്ലീഹാ പറയുന്നുണ്ടല്ലോ (1 കൊരിന്ത്യർ 4:10).

തനിക്ക് ഏറ്റവും പ്രിയപ്പെട്ട പശുവിനെയുംകൊണ്ട് കമ്മീശും ഇട്ട് തൊപ്പിയും വച്ചുകൊണ്ട് നമ്മുടെ തെരുവുകളിലൂടെ അതിനെ കയറിൽ പിടിച്ചുകൊണ്ടു ജോർജ് ഫിലിപ്പച്ചൻ നടന്നു എന്ന് ഞാൻ അടുത്ത കാലത്ത് കേട്ടു. ചില ആളുകൾക്ക് അത് വലിയ അഭിമാനക്ഷതം ഉണ്ടാക്കുന്നതാണ്. മലങ്കര സഭയുടെ ശ്രേഷ്ഠ പാരമ്പര്യമുള്ള പള്ളിയിൽ നിന്നും കുടുംബത്തിൽ നിന്നും ആശ്രമത്തിൽ നിന്നുമുള്ള ഒരു വൈദികൻ പരസ്യമായിട്ട് പശുവിനെയും പിടിച്ചുകൊണ്ട് തൊപ്പിയും കുപ്പായവുമിട്ട് പൊതുവഴിയിലൂടെ നടക്കാമോ എന്ന ചോദ്യമാണ് അവർ ഉന്നയിക്കുന്നത്. ഇത് ആ റഷ്യൻ പാരമ്പര്യത്തിലുള്ള വിശുദ്ധ വിഡ്ഢിയുടെ ചിത്രമാണ് ഓർമ്മിപ്പിക്കുന്നത്. അതിലൂടെ ഒരു സാക്ഷ്യം നൽകുന്നുണ്ട്. നമ്മുടെ മനസ്സിലുള്ള ലൗകിക സാക്ഷ്യത്തിന് ബദലായി ഒരു സുവിശേഷ സാക്ഷ്യം. അത് കുറെപ്പേരെ എങ്കിലും ചിന്തിപ്പിക്കും (വെറുതെ ഒന്നു സങ്കൽപ്പിക്കണം. ഞാൻ ഒരു വിലയേറിയ കാറിൽ ആ സമയം അതിലേ കടന്നുപോകുന്നു. എന്റെ സ്നേഹിതനായ അച്ചനെ കണ്ട് കാർ നിർത്തി പറയുന്നു, “അച്ചാ, ഞാൻ ദയറായിൽ വിടാം. കാറിൽ കയറ്.” അച്ചൻ അപ്പോൾ അടുത്തുവന്ന് ഒരു കൈ കൊണ്ട് വാ പൊത്തി, നിഗൂഢമായ ഒരു പുഞ്ചിരിയോടെ സൗമ്യമായി പറയും: “ഞാൻ കയറാം. പക്ഷേ ഈ പശുവിനെയും കൂടി കയറ്റണം.” കുഴഞ്ഞില്ലേ നമ്മൾ! മഹാഭാരതത്തിൽ പണ്ട് യുധിഷ്ഠരൻ സകലവും ഉപേക്ഷിച്ച് സഞ്ചരിക്കുമ്പോൾ ഇന്ദ്രൻ രഥവുമായി വന്നു, സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ. പക്ഷേ ധർമ്മപുത്രർ പറഞ്ഞു, തന്റെ കൂടെ വഴിയിൽ നിന്നു കൂടിയ പട്ടിയെക്കൂടി കയറ്റണം. ഇന്ദ്രൻ സമ്മതിച്ചില്ല. ധർമ്മപുത്രർ ബലംപിടിച്ചു. അവസാനം പട്ടി സാക്ഷാൽ ധർമ്മമായി രൂപം മാറി. രണ്ടുപേരും കയറി.). അങ്ങനെ പല കാര്യങ്ങൾ ഈ അച്ചന്റെ ജീവിതത്തിൽ നിന്നു ഞാൻ പഠിച്ചിട്ടുണ്ട്. അദ്ദേഹമെന്റെ വിദ്യാർത്ഥി ആയിരുന്നെങ്കിലും അദ്ദേഹം എനിക്ക് ആചാര്യനായി ഭവിച്ചു, ഗുരുവായിത്തീർന്നു എന്നുള്ളതിൽ ഞാൻ ഏറ്റവും അധികം സന്തോഷിക്കുകയും ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

യുഗാന്ത്യശാസ്ത്രം (Eschatology) എന്ന വിഷയം നാം സെമിനാരിയിൽ പഠിക്കുന്നുണ്ട്. ദൈവം തന്റെ ഭൂമിയിലെ പെട്ടി മടക്കുമ്പോൾ, കട പൂട്ടുമ്പോൾ നടക്കുന്ന സംഭവത്തെക്കുറിച്ചാണ് അവിടെ പറയുന്നതെന്നാണ് പൊതുവെ

യുള്ള വിശ്വാസം. പക്ഷേ, ഈ യുഗാന്ത്യം ഇവിടെ തന്നെയുണ്ട്. നമ്മുടെ ഓരോ കോശത്തിലും നമ്മുടെ ഓരോ ശ്വാസത്തിലും ഈ യുഗാന്ത്യമുണ്ട് എന്നത് പാമ്പാടി തിരുമേനിക്കറിയാമായിരുന്നു. തിരുമേനി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതുപോലെ വേറെ പലരും പഠിപ്പിച്ചിട്ടുണ്ട്. പക്ഷേ നമുക്ക് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളത് ഈ ജഢരൂപത്തിൽ നമ്മൾ കാണുന്ന ചൈതന്യവാനായ ജോർജ് ഫിലിപ്പച്ചനാണ്. മണ്ണിന്റെ സ്വഭാവത്തെ അദ്ദേഹം തിരിച്ചറിഞ്ഞു. ഇന്നിപ്പോൾ നമ്മൾ ചൊല്ലിയ എട്ടാമത്തെ ശുശ്രൂഷയിൽ ഇങ്ങനെ പാടുന്നു, "ദിശ നാലിൽ നിന്നും നാഥൻ കൈയിൽ പൂഴിപ്പൊടിയേന്തി തൻ സാമ്യത്തിൽ സൃഷ്ടിച്ചാദത്തെ." നാലു ദിശകളിൽ നിന്നും കർത്താവ് കൈയിൽ മണ്ണും വാരിയെടുത്ത് തന്റെ സാമ്യത്തിൽ ആദാമിനെ സൃഷ്ടിച്ചു എന്നുള്ളതാണ്. അതിന്റെ ഒരു ഉദാഹരണമാണ് ഈ അച്ചൻ മണ്ണിനോടു കാണിച്ച ബന്ധം, പ്രകൃതിയോടുള്ളതായ സ്നേഹം, പശുവിനോടും പച്ചക്കറികളോടും അദ്ദേഹം പുലർത്തിയതായ ഒരുതരം നിസ്സംഗമായ ബാന്ധവം. അത് നാം ഒരിക്കലും മറക്കരുത്.

ഭൂമിയുടെ നാലു ഭാഗങ്ങളിൽ നിന്നും പ്രപഞ്ചത്തിന്റെ എല്ലാ കോണുകളിൽ നിന്നും ദൈവം വാരിയെടുത്ത പൂഴിയാണ് നാം. അതിന് ഈ മണ്ണിനോടു ബന്ധമില്ലാതിരിക്കുവാൻ സാധ്യമല്ല. നമ്മൾ എത്ര കുന്തിരിക്കമിട്ടാലും, എംബാം ചെയ്താലും നാം ആ മണ്ണിലേക്ക് മടങ്ങണം. അതാണ് ഇവിടെത്തന്നെയുള്ള





യുഗാന്ത്യ അനുഭവം. അത് നമ്മൾ സ്കൈയിൽ വച്ചു വരയ്ക്കുന്ന ദീർഘരേഖയായ കാലത്തിന്റെ അന്ത്യമല്ല. ഇപ്പോൾതന്നെ സന്നിഹിതമായിരിക്കുന്ന, നമ്മുടെ ഓരോ അണുവിലും കോശത്തിലും ഓരോ തരിയിലും നിഹിതമായിരിക്കുന്ന യുഗാന്ത്യമാണ്. വളരെ സന്തോഷത്തോടുകൂടി അച്ചനത് പഠിപ്പിച്ചല്ലോ എന്നോർക്കുകയാണ്. സെമിനാരിയിൽ പഠിപ്പിക്കുന്നത് അതിന്റെ ബാഹ്യമായ വശം മാത്രമാണ്. ഇങ്ങനെയുള്ള ചില ആളുകളുടെ ജീവിതത്തിലൂടെയാണ്, അത് ഇവിടെത്തന്നെയുണ്ടല്ലോ, ഞാൻ പഠിച്ചുവച്ചതൊക്കെ അബദ്ധമായല്ലോ എന്ന് തോന്നാൻ നമുക്ക് ഇടയാകുന്നത്.

എന്റെ പ്രിയ സഹോദരാ, ഈ അവസരത്തിൽ നമ്മുടെ പ്രിയ സഹോദരങ്ങളായ വൈദികരോടും മാതാപിതാക്കളോടും സഹോദരങ്ങളോടും ചേർന്ന് അങ്ങേയ്ക്ക് യാത്രാവന്ദനം ചൊല്ലുന്നു. സോപാന അക്കാദമി ഇവിടെ സ്ഥാപിക്കുവാനായി അദ്ദേഹം ഒത്തിരി താൽപര്യം കാണിച്ചു. അതിന്റെ ഓരോ പരിപാടിക്കും അച്ചൻ കൃത്യമായി പങ്കെടുക്കും. എല്ലാ പരിപാടിയുടെയും അവസാനം ഒരു നന്ദി പ്രകടനമുണ്ട്. ആ നന്ദി പ്രകടനത്തിനായി 'സുപ്പീരിയർ അച്ചനെന്തിയേ' എന്നു നോക്കുമ്പോൾ കാണുകയില്ല. അതിനു മുമ്പ് അദ്ദേഹം എങ്ങനെയോ രക്ഷപ്പെട്ടു പൊയ്ക്കളയും. അദ്ദേഹം നിന്നനിൽപ്പിൽ അപ്രത്യക്ഷനാകും. സ്വയം ഇല്ലാതെയാകും; ബുദ്ധപ്രതിമയുടെ കാര്യത്തിലെന്നപോലെ. നമ്മുടെ അച്ചന്റെ ഭൗതിക ശരീരവും ദ്രവിച്ച് മണ്ണോടു മണ്ണായിത്തീരും. നമ്മുടെ കർത്താവിന്റെ ഉയിർപ്പിനുള്ള വലിയ സാക്ഷ്യം നൽകാൻ അത് ഒരുങ്ങും, രൂപാന്തരപ്പെടും. "നമ്മുടെ താഴ്മയുള്ള ശരീരങ്ങളെ കർത്താവ് തന്റെ മഹത്വമുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്തും" എന്നു പൗലോസ് ശ്ലീഹാ പറഞ്ഞത് (ഫിലിപ്പിയർ 3:21) നമുക്ക് വിശ്വസിക്കാം. പ്രിയ സഹോദരാ, വന്ദ്യ പിതാവേ, സമാധാനത്തോടെ പോവുക.

(ഫാ. ജോർജ് ഫിലിപ്പിന്റെ സംസ്ക്കാര ശുശ്രൂഷാവേളയിൽ പ്രസംഗിച്ചത്. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

❑

പ്രകാശമുള്ള നക്ഷത്രം

ഡോ. ജേക്കബ് മണ്ണുംമൂട്

വിശുദ്ധൻമാരുടെ പ്രാർത്ഥന സുഗന്ധമായി ദൈവസന്നിധിയിലേക്ക് എത്തുന്നു എന്ന് വെളിപാടിന്റെ നിമിഷങ്ങളിൽ യോഹന്നാൻ എഴുതിയത് അനുസ്മരിക്കത്തവിധമായിരുന്നു ജോർജ് ഫിലിപ്പച്ചന്റെ ജീവിതം. യഥാർത് ആത്മീയതയെ സ്വന്തം ജീവിതം കൊണ്ട് നിർവചിച്ച യോഗിവര്യനായിരുന്നു അദ്ദേഹം. വേദം അറിയാവുന്നവൻ വൈദീകനും , ദൈവഹിതം അറിയുന്നവൻ പുരോഹിതനും കർത്താവിന്റെ ആൾ കത്തനാരും ആണെങ്കിൽ ഈ മൂന്നു പദങ്ങളും സമഞ്ജസമായി സമന്വയിപ്പിച്ചു കൊണ്ടാണ് അദ്ദേഹം സ്വയം മാതൃകയായത്. ഭൗമ ജീവിതത്തിന്റെ ഉല്ലാസങ്ങളോ അധികാരത്തിന്റെ അംശവടിയോ പൗരോഹിത്യത്തിന്റെ ഉന്നത സ്ഥാനങ്ങളോ വേഷവിധാനത്തിന്റെ ആഡംബരങ്ങളോ അദ്ദേഹത്തെ ഭ്രമിപ്പിച്ചില്ല. പാമ്പാടി ദയറായിലും ഞാലിയാകുഴി ദയറായിലും മണൽത്തരികളെപോലും നോവിക്കാതെ തീക്ഷ്ണമായ യോഗചര്യകൾ കൊണ്ട് ദൈവത്തെ ഹൃദയംകൊണ്ട് ഉപാസിച്ച അദ്ദേഹം പ്രകാശമുള്ള നക്ഷത്രമായി തട്ടിൻപുറം കുന്നിൽ എന്നും ജ്വലിച്ചു നിൽക്കും!

ചിലരുടെ മൗനം വാക്കുകളെക്കാൾ തീവ്രമാണ്.സമർപ്പിത ജീവിതത്തിന്റെ ഉത്തമ മാതൃകയായ ജോർജ് ഫിലിപ്പച്ചനെക്കുറിച് ചിന്തിക്കുമ്പോൾ വാചാടോപതകളൊട്ടുമില്ലാതെ, പൊതു ഇടങ്ങളിൽ വെളിപ്പെടാത്ത കൃശഗാത്രൻ. സന്ന്യസ്ത വഴിയിലെ നിയോഗം തിരിച്ചറിയുക അതിനോട് നീതി പുലർത്തുക യഥാർത്ഥത്തിൽ അതൊരു വെല്ലുവിളിയാണ്. പണ്ഡിതനെങ്കിലും ദാസനൊത്ത വിനയം. സ്ഥാനമാനങ്ങളും, ഭൗതിക സമ്പാദനത്തിനുള്ള സാധ്യതകളും ഉപേക്ഷിച്ച് പൂർണ സമയവും ഞാലിയാകുഴി മാർ ബസേലിയോസ് ആശ്രമാവൃതിയിലുള്ള ജീവിതം. വൈദികസ്ഥാനികൾക്ക് ഒരുത്തമ പാഠപുസ്തകമായിരുന്നു. നിർമ്മമനായ് ജീവിച്ച് സന്ന്യാസ ജീവിതത്തിന്റെ മാധുര്യം ആവോളം നുകർന്ന്, തനിക്ക് ഏറെ പ്രിയപ്പെട്ട ആത്മീയ കൃഷിത്തോട്ടത്തിനു സമീപം ഗുരുവിന്റെ സമാധി സ്ഥലത്തോടും ചേർന്ന് നല്ല ഓർമ്മകളെ കാലത്തിന് കൈമാറി ഈ പിതാവ് ഇനി അന്ത്യവിശ്രമം കൊള്ളും.

- ഫാ. അലക്സ് തോമസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH


പ്രാർഥനയ്ക്കായി സമർപ്പിച്ച ജീവിതം; ഫാ. ജോർജ് ഫിലിപ്പിന് വിട

ഞാലിയാകുഴി: 'ഉത്തമനായ സന്യാസി' അന്തരിച്ച ഫാ. ജോർജ് ഫിലിപ്പിനെ പരിചയപ്പെടാൻ അവസരം ലഭിച്ച ആളുകളിൽ അധികവും അദ്ദേഹത്തിന് നൽകിയിരുന്ന വിശേഷണം ഇതായിരുന്നു. അംഗീകാരങ്ങളോടും ബഹുമതികളോടും പദവികളോടും മുഖം തിരിച്ചു നടന്ന് മൗനത്തെ വ്രതമായി കണ്ട് ദയറ ജീവിതകാലമത്രയും പ്രാർഥനയ്ക്കായി ചെലവഴിച്ച ഫാ. ജോർജ് ഫിലിപ്പിനു ലഭിച്ച ഏറ്റവും ഉചിതമായ വിശേഷണവും ഇതുതന്നെയായിരുന്നു.

ഫാ. ജോർജ് ഫിലിപ് ഒന്നര പതിറ്റാണ്ടിലേറെയായി ഞാലിയാകുഴി മാർ ബസേലിയോസ് ദയറായുടെ ഭാഗമാണ്. കാലം ചെയ്ത ഗീവർഗീസ് മാർ ഈവാനിയോസിന്റെ ഒപ്പമായിരുന്നു തുടർന്നുള്ള ജീവിതക്രമം ചിട്ടപ്പെടുത്തിയത്. മാർ ഇവാനിയോസിന്റെ പിന്തുടർച്ചക്കാരനായി 2012-ൽ ഞാലിയാകുഴി ദയറയുടെ സുപ്പീരിയർ സ്ഥാനത്തെത്തി. ദയറയിൽ പെരുന്നാൾ വേളകളിലും വിശിഷ്ടാതിഥികൾ എത്തുമ്പോഴും മറ്റും തിരക്കുകളിൽ പെടാതെ ശാന്തനായി സ്വന്തം മുറിക്കുള്ളിൽ ധ്യാനത്തിൽ ചെലവഴിക്കാനാണ് ഫാ. ജോർജ് താൽപര്യപ്പെട്ടിരുന്നത്.

വിരമിക്കൽ പ്രായപരിധി എത്തുന്നതിനു മുൻപ് പള്ളി ചുമതലകളിൽ നിന്നു സ്വയം ഒഴിവായി ദയറയിൽ പ്രാർഥനാ ജീവിതത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ താൽപര്യം അറിയിച്ചിരുന്നു. റമ്പാൻ സ്ഥാനത്തേക്ക് ഉയർത്താനുള്ള ആലോചന പലപ്പോഴും ഉയർന്നു വന്നെങ്കിലും അതിനെയെല്ലാം സ്നേഹപൂർവം നിരസിച്ചു. ദയറാ അന്തരീക്ഷത്തിൽ കഴിയാൻ താൽപര്യം പ്രകടിപ്പിച്ച് എത്തിയ അനേകരുടെ ഗുരുവും വഴികാട്ടിയുമായിരുന്നു. ഞാലിയാകുഴി ദയറയിൽ താമസിച്ച് പിന്നീട് സെമിനാരിയിൽ പഠനത്തിനും തുടർന്ന് വൈദികപദവിയിലും എത്തിയവർ അനേകരാണ്.

അനേകം വൈദികരുടെ ആത്മീയഗുരുവാണ് ഫാ. ജോർജ്. മെത്രാപ്പൊലീത്താമാർ ഉൾപ്പെടെയുള്ളവരുടെ കുമ്പസാര ഗുരുവുമായിരുന്നു. പ്രകൃതി ജീവനത്തെ സ്നേഹിക്കുകയും ആ ശൈലി പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്ന ഫാ. ജോർജ് ബഹളങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. മിതഭാഷിയായിരുന്നു. നിയമ ബിരുദധാരി കൂടിയായ അദ്ദേഹത്തിന് സംസ്കൃതത്തിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു. പശുവളർത്തലും കൃഷിയും അദ്ദേഹത്തിന് ഏറെ താൽപര്യമുള്ള പ്രവൃത്തികളായിരുന്നു.



'സുഭാഷ് പലേക്കർ കൃഷി രീതി' പഠിച്ച് അതു നടപ്പാക്കാൻ ശ്രമിച്ചിരുന്നു. മിക്കവാറും ഭക്ഷണം സ്വയം പാകം ചെയ്താണ് കഴിച്ചിരുന്നത്. മാർ ഇവാനിയോസിന്റെ കാലശേഷം ഞാലിയാകുഴി ദയറയിൽ മാത്രമായി ഒതുങ്ങി ഫാ. ജോർജിന്റെ ജീവിതം. കുർബാനയ്ക്കും മറ്റു ശുശ്രൂഷകൾക്കും ദയറ ചാപ്പലിൽ മുടക്കമില്ലാതെ, കഴിയുമെങ്കിൽ ആദ്യം തന്നെ എത്തുമായിരുന്നു. ഞാലിയാകുഴി ദയറയിലെ അംഗങ്ങളായ 3 പേർ അടുത്തയിടെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത് ഫാ. ജോർജ് ഫിലിപ്പിന് ഏറെ സന്തോഷം പകർന്നിരുന്നു.

രണ്ടു മാസം മുൻപ് ദയറയുടെ സുപ്പീരിയർ പദവിയിൽ നിന്ന് ഒഴിഞ്ഞ് കൂടുതൽ സമയവും നിശ്ശബ്ദ ധ്യാനത്തിലേക്ക് ജീവിതത്തെ ക്രമപ്പെടുത്തിയതിനു പിന്നാലെയാണ് അപ്രതീക്ഷിത വേർപാട്. മാതൃഇടവകയായ പുതുപ്പള്ളി പള്ളിയിലും ഭവനത്തിലും പ്രാർഥന നടത്തിയ ശേഷം രാത്രി ഞാലിയാകുഴി ദയറയിൽ ഭൗതികശരീരം എത്തിച്ചു. ഒട്ടേറെയാളുകൾ അന്തിമോപചാരമർപ്പിച്ചു.

കുന്തിരിക്കത്തിന്റെ സുഗന്ധം പോലെ

ഫാ. ഡോ. ബി. വർഗീസ്

ജോർജ് ഫിലിപ്പ് അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. അച്ചൻ സെമിനാരിയിൽ എന്റെ ജൂനിയർ ആയിരിരുന്നു. MA LLB പഠനത്തിന് ശേഷമാണ് സെമിനാരിയിൽ ചേർന്നത്. അതിനാൽ 'വക്കിൽ' എന്നാണ് സഹപാഠികൾ വിളിച്ചിരുന്നത്. പിന്നീട് 'അച്ചൻ' കൂട്ടി ചേർത്തു. സൗമ്യനും വിനയാന്വിതനും ആയിരുന്നു. എല്ലാവരോടും നല്ല ബന്ധം പുലർത്തി. ആരുടെയും പ്രേരണ ഇല്ലാതെ സന്യാസിയും താപസ്സനും ആയി. മെത്രാൻ ആകാനുള്ള ആഗ്രഹത്തിലല്ല അവിവാഹിത ജീവിതം തെരഞ്ഞെടുത്തതെന്നു പിൽക്കാല ജീവിതത്തിൽ നിന്നും വ്യക്തമാണ്.

സന്യാസിയായി കറങ്ങി നടന്നു ശ്രദ്ധയും ആദരവും നേടാൻ ശ്രമിച്ചില്ല. ആ ജീവിതത്തിന്റെ സാക്ഷ്യവും മൂല്യവും' 'സന്യാസി' എന്ന പ്ലാകാർഡും ആയി ഓടി നടക്കുന്നവർക്കും ഫേസ്ബുക്കിലെ അവരുടെ ഫാൻസ് ക്ലബ് കാർക്കും മനസ്സിലാവില്ല. തീവ്രമായ ഉപവാസം അദ്ദേഹത്തിന്റെ ആരോഗ്യം മോശമാകാൻ ഇടയാക്കിയിരിക്കാം. എന്നാലും ശാന്തമായ അന്ത്യമായിരുന്നു അദ്ദേഹത്തിന്റേത്. ജീവിത നൈർമ്മല്യതിന്റെ അടയാളം ആണത്.

ശനിയാഴ്ച രാവിലെ അദ്ദേഹത്തെ മുറിയിൽ അബോധാവസ്ഥയിൽ കണ്ടെത്തി. പിറ്റേ ദിവസം ഞായറാഴ്ച അനേകം വൈദികർ വി. കുർബാനയിൽ അദ്ദേഹത്തെ ഓർത്തു പ്രാർത്ഥിച്ചു. വി. കുർബാനക്കു ശേഷം ത്രോണോസിലെ മെഴുകുതിരി അണക്കുന്ന സമയം ഒരു തിരിനാളം അണയുന്നതുപോലെ അദ്ദേഹം കടന്നു പോയി.



കുന്തിരിക്കത്തിന്റെ സുഗന്ധം പോലെ ചിലരുടെ എങ്കിലും മനസ്സിൽ ആ ഓർമ തങ്ങി നിൽക്കും. വൈദിക ശ്രുശൂഷക്കും സന്യാസ ജീവിതത്തിനും വിശ്വസനീയതയും മൂല്യവും നൽകുന്നത് അദ്ദേഹത്തെ പോലെയുള്ളവരാണ്. എന്റെ തലമുറയിലെ ഒരു യഥാർത്ഥ സന്യാസ വൈദികൻ. He was genuine... Never fake .... Never... That makes him different...